LIBRARY ARCHIVES Kerala Legislative Assembly

വഡോദരയിലുള്ള ജ്യോതി പമ്പ് എന്ന കമ്പനിയാണ് പമ്പ് നിർമ്മിച്ചിരിക്കുന്നത്. ആലപ്പുഴയിലുള്ള ടർബോ സിസ്റ്റംസ് എന്ന കരാറുകാരാണ് പമ്പ് സപ്ലൈ ചെയ്തത്. കണ്ണൂർ സൂപ്രണ്ടിംഗ് എഞ്ചിനീയറാണ് പമ്പ് സെറ്റുകൾക്ക് ഓർഡർ നൽകിയത്. കാസർഗോഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫാക്ടറി പരിശോധന നടത്തി, കാസർഗോഡ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ മേൽനോട്ടത്തിലാണ് പമ്പ് സ്ഥാപിച്ചിട്ടുള്ളത്. പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചാണ് പമ്പ് സെറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. പമ്പ് സെറ്റുകളുടെ ന്യൂനതകളും തകരാറുകളും അവ നിർമ്മിച്ച കമ്പനിയെയും അവ സപ്ലൈ ചെയ്തവരെയും കാസർഗോഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരവധി തവണ അറിയിച്ചിട്ടും പമ്പ്സെറ്റുകളുടെ തകരാറുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ കമ്പനിക്കാർ നാളിതുവരെ സ്വീകരിച്ചിട്ടില്ല. അതിനാൽ ആലപ്പുഴയിലുള്ള ടർബോ സിസ്റ്റംസ് എന്ന കമ്പനിക്കെതിരെയും വഡോദരയിലുള്ള ജ്യോതി പമ്പ് സെറ്റ് കമ്പനിക്കെതിരെയും നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതിനായി കോഴിക്കോട് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി (ഭീമനടി) കുടിവെള്ള പദ്ധതി

222 (2777) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി (ഭീമനടി) കുടിവെള്ള പദ്ധതിക്കുവേണ്ടി ഇതുവരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതിക്കുവേണ്ടത്ര വെള്ളം ലഭിക്കാത്തപ്രശ്നം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) വെസ്റ്റ് എളേരി (ഭീമനടി) കുടിവെള്ള പദ്ധതിക്കുവേണ്ടി വിവിധ ധനസഹായ വിഭാഗങ്ങൾ മുഖേന ആകെ 1447.42 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.